Annexure to Calling Attention

Uncorrected/Not for publication
06-10-2025

## അനുബന്ധം

1. സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതിന്റെയും മലയാറ്റൂർ വനമേഖലയിലെ അരേകാപ്പ് - വീരാങ്കുടി ആദിവാസി നഗറിലെ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതിന്റെയും ആവശ്യകത സംബന്ധിച്ച് ശ്രീ. കെ. കെ. രാമചന്ദ്രൻ എം.എൽ.എ. ഉന്നയിച്ച ശ്രദ്ധക്ഷണിക്കൽ നോട്ടീസിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി നൽകിയ മറുപടി.

പട്ടികജാതി വികസന വകുപ്പ് മുഖേന ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് പരിധിയിൽ കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും നഗരസഭ/കോർപ്പറേഷൻ പരിധിയിൽ കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് യഥാക്രമം 4,50,000/- രൂപയും, 6,00,000/-രൂപയും എന്ന ക്രമത്തിൽ ധനസഹായം അനുവദിക്കുകയാണ് ചെയ്യുന്നത്. ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് പരിധിയിൽ കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 5,00,000/- രൂപയും നഗരസഭ/കോർപ്പറേഷൻ പരിധിയിൽ കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് യഥാക്രമം 6,00,000/- രൂപ, 7,50,000/- രൂപയും എന്ന ക്രമത്തിൽ ധനസഹായം അനുവദിച്ചുവരുന്നു. ഇതിനുപുറമെ ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗങ്ങൾക്ക് കൃഷിഭൂമി വാങ്ങുന്നതിന്

പരമാവധി 10 ലക്ഷം രൂപവരെ അനുവദിക്കുന്ന പദ്ധതിയും ദുർബല പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13531 പട്ടികജാതി വിഭാഗ കുടുംബങ്ങൾക്ക് 757 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷം 3400 പേർക്കുകൂടി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കഴിഞ്ഞ 9 വർഷത്തിനിടെ 34218 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുകയുണ്ടായി.

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമ പ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളെ ഭൂമിയുടെ ഉടമസ്ഥരാക്കുന്നു. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനാവകാശ നിയമപ്രകാരം 3126 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 4224.55 ഏക്കർ ഭൂമി കൈവശാവകാശ രേഖയും 27 കുടുംബങ്ങൾക്ക് 20.98 ഏക്കർ റവന്യൂ/പ്രോജക്ട്/ഫാം ഭൂമി പട്ടയവും, 718 കുടുംബങ്ങൾക്ക് 243.80 ഏക്കർ നിക്ഷിപ്ത വനഭൂമിക്കുള്ള അവകാശ രേഖയും നൽകി. കൂടാതെ ലാൻഡ് ബാങ്ക്

പദ്ധതിപ്രകാരം 280 കുടുംബങ്ങൾക്ക് 52.83 ഏക്കർ ഭൂമിയും വാങ്ങി നൽകി. ഇത്തരത്തിൽ 4151 കുടുംബങ്ങൾക്ക് 4542.16 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ 9 വർഷത്തിനുള്ളിൽ 8278 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലാ ആദിവാസി മേഖലയിൽ ഭൂരഹിതരില്ലാത്ത ജില്ലയായി മാറുകയുണ്ടായി.

വയനാട്, കൊല്ലം, തൃശ്ശൂർ ജില്ലകളിലും ഇത്തരംപ്രവർത്തനം പുരോഗമിക്കുന്നു. ഈ സർക്കാരിന്റെ കാലത്തുതന്നെ സംസ്ഥാനത്തെ മുഴുവൻ ഭൂരഹിത ആദിവാസികൾക്കും ഭൂമി നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്.

2. <u>അരേകാപ്പ് - വീരാങ്കുടി നിവാസികളുടെ പുനരധിവാസം</u>

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതും മലയാറ്റൂർ ഡിവിഷൻ, ഇടമലയാർ ഫോറസ്റ്റ് റെയിഞ്ചിന് കീഴിൽ പെരുമുഴി ഫോറസ്റ്റ് സ്റ്റേഷന്റെ അധികാര പരിധിയിൽ ഉൾപ്പെടുന്ന കപ്പായം വന മേഖലയിലുള്ള ആദിവാസി നഗറാണ് അരേകാപ്പ് - വീരാങ്കുടി. സ്ഥിരമായി മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ ഉണ്ടാകാറുള്ള ഈ ഉന്നതികളിൽനിന്നും നിവാസികളെ ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കീഴിലുള്ള മാരാങ്കോട് കശുമാവിൻതോപ്പ് എന്ന സ്ഥലത്തേക്ക് മാറ്റി

പുനരധിവസിപ്പിക്കുന്നതിന് 20-12-2024-ൽ ചേർന്ന ജില്ലാതല സമിതി തീരുമാനം എടുത്തിരുന്നു.

ഈ ഉന്നതിയിൽ വനാവകാശ നിയമപ്രകാരം വ്യക്തിഗത വനാവകാശ രേഖ ലഭിച്ച 29 കുടുംബങ്ങൾക്കും, വ്യക്തിഗത വനാവകാശ രേഖക്ക് അർഹതയുണ്ടായിട്ടും ലഭിക്കാതിരുന്ന 2 കുടുംബങ്ങൾക്കും ഉൾപ്പെടെ ആകെ 31 കുടുംബങ്ങൾക്കും അവരുടെ ഉപകുടുംബങ്ങൾക്കുമായി 42.9571 ഹെക്ടർ ഭൂമി (0.4780 + 42.4791) ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കീഴിലുള്ള മാരാങ്കോട് കശുമാവിൻതോപ്പ് എന്ന സ്ഥലത്ത് അനുവദിക്കുന്നതിനാണ് ജില്ലാതല സമിതി തീരുമാനം എടുത്തിരുന്നത്.

പ്രസ്തുത തീരുമാനം 04-04-2025-ൽ നടന്ന സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും തുടർനടപടികൾ സ്വീകരിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, ടി.ആർ.ഡി.എം. സ്പെഷ്യൽ ഓഫീസർ, റവന്യൂ വകുപ്പ് എന്നിവർക്ക് നിർദേശം നൽകി ഉത്തരവാകുകയും ചെയ്തു. തുടർന്ന് മാരാങ്കോട് കശുമാവിൻതോപ്പിൽ ഭൂമി അളന്ന് തിരിച്ച് കല്ലിടുന്ന പ്രവൃത്തി തുടരുന്ന സമയത്ത് ചാലക്കുടി ഡി.എഫ്.ഒ. സ്റ്റോപ്പ് മെമ്മോ നൽകുകയും പ്രവൃത്തി നിർത്തിവയ്ക്കുകയും ചെയ്തു. ഈ സാഹചര്യം വിലയിരുത്തുന്നതിനായി

റവന്യൂ, വനം-വന്യജീവി, പട്ടികവിഭാഗ വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ 25-06-2025-ന് യോഗം ചേർന്ന് സമയബന്ധിതമായി ഈ പ്രശ്നം പരിഹരിക്കുന്നതിന് തീരുമാനിച്ചിരുന്നു. ഇതിനിടയിൽ 05-09-2025-ന് അരേകാപ്പ്-വീരാങ്കുടി ഉന്നതിയിൽ വനാവകാശരേഖ ലഭിച്ചിട്ടുള്ള 28 കുടുംബങ്ങളിൽപ്പെട്ട 130-ഓളം പേർ മാരാങ്കോട് കശുമാവിൻതോപ്പിൽ കടന്ന് ഷെഡ് കെട്ടി താമസം ആരംഭിച്ചിരിക്കുന്നതായി ചാലക്കുടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്. വീരാങ്കുടിയിൽ കാട്ടുപോത്തിന്റേയും പുലിയുടേയും മറ്റ് വന്യമൃഗങ്ങളുടേയും ആക്രമണത്തിൽ മാരകമായ പരിക്കേറ്റതിനെതുടർന്ന് ഊരുമൂപ്പനും, രാഹുൽ എന്ന മൂന്നര വയസ്സുകാരനും ഇപ്പോഴും തുടർചികിൽസയിലാണ്. പുലിയുടെയും ആനയുടെയും മറ്റ് വന്യമൃഗങ്ങളുടെയും ശല്യം മൂലമാണ് ഇവർ സർക്കാർ അനുവദിച്ച മാരാങ്കോട് കശുമാവിൻതോപ്പ് എന്ന സ്ഥലത്ത് ഷെഡ് കെട്ടി താമസിക്കുന്നതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വനാവകാശ നിയമപ്രകാരം കൈവശരേഖ ലഭിച്ചതും എന്നാൽ പ്രകൃതി ദുരന്തം, വന്യമൃഗ ആക്രമണ ഭീഷണി തുടങ്ങിയവ അഭിമുഖീകരിക്കുന്ന പട്ടികവർഗ്ഗ ഉന്നതിയിലെ കുടുംബങ്ങളെ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പുനരധിവസിപ്പിക്കാറുണ്ട്. പോത്തുപാറ, പന്തപ്ര, പുലിമുണ്ട

Uncorrected/Not for publication
06-10-2025

തുടങ്ങിയ പ്രദേശങ്ങളിലേയ്ക്ക് ഇത്തരത്തിൽ മാറ്റി പാർപ്പിച്ചിട്ടുണ്ട്. സർക്കാർ തലത്തിൽ നടന്ന ഉന്നതാധികാര സമിതി യോഗത്തിന്റെ തീരുമാനപ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ഇന്ന് ലോക ആവാസ ദിനം കൂടിയാണ്. മതിയായ പാർപ്പിടം എല്ലാവരുടേയും അവകാശമാണെന്നാണ് ഈ ദിനത്തിന്റെ സന്ദേശം. അരേകാപ്പ്-വീരാങ്കുടി ഉന്നതിയിൽ നിന്നുള്ള 31 കുടുംബങ്ങളേയും ഉപകുടുംബങ്ങളേയും പുനരധിവസിപ്പിക്കുന്നതിന് ജില്ലാതല, സംസ്ഥാനതല മോണിട്ടറിംഗ് കമ്മിറ്റികൾ തീരുമാനിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്. ഇവിടെ സൂചിപ്പിച്ച പ്രശ്നം റവന്യൂ, വനം, പട്ടിക വിഭാഗ മന്ത്രിമാർ സംയുക്തമായി കൂടിയ യോഗം ചർച്ച ചെയ്യുകയുണ്ടായി. എത്രയും വേഗം പരിഹാരം കാണുന്നതാണ്.